(സി) ആനതാഴ്ച്ചിറ നന്നാക്കുന്നതിനു് ഗവണ്മെൻറ് 16775 രൂപയുടെ ഒരു എസ്റ്റിമേറ്റ് അനുവദിച്ചിട്ടുണ്ട്. താഴെപ്പറയുന്ന ജോലികൾ ഇതിനകം ചെയ്തീർത്തിട്ടുണ്ട്:

1. ചിറയുടെ മുന്നുവശങ്ങളിൽ സ്ഥിതിചെയ്യുന്ന മലകളുടെ അടിവാരങ്ങളിൽ അരുവികളിൽനിന്നും ഒഴുകിവരുന്ന ജലത്തെ സംഭരിച്ചുനിർത്തുന്നതിനു് കിടങ്ങുകൾ കുഴിപ്പിച്ചിട്ടുണ്ട്.
2. കരിങ്കല്ലു കെട്ടി പ്രധാനചിറയെ ബലപ്പെടുത്തിയിട്ടുണ്ട്.
3. ചിപ്പുകൾ നന്നാക്കിയിട്ടുണ്ട്.
4. ജലനിർഗ്ഗമനത്തെ നിയന്ത്രിക്കുന്നതിനു് ആവശ്യമായ സ്ഥാനങ്ങളിൽ മട്ടുകൾ പണിയിച്ചിട്ടുണ്ട്.

Electric Sub-station at Shencottah.

343. [8] SHRI K. SATTANATHA KARAYALAR: Will the Minister for Public works be pleased to state the progress of the proposed electric sub-station at Shencottah?

Answer.

Among the works relating to the 66 K. V. Sub-station at Shencottah the installation and commissioning of one 500 K. V. A. 66 KV/11 KV. transformer has already been completed and supply to Shencottah town and the adjoining areas is now being given from this transformer station. Other materials required for the station have already been ordered and are now under manufacture.

മുനിസിപ്പൽ ടാക്സ്.

344. [11] ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) തൃശ്ശൂർ മുനിസിപ്പാലിറ്റി അതിർത്തിയിലുള്ള സർക്കാർ കെട്ടിടങ്ങൾക്കു് മുനിസിപ്പൽ ടാക്സ് കൊടുക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടു്;

(സി) മറ്റു് ഏതു മുനിസിപ്പാലിറ്റിയിൽ ഈ ടാക്സ് കൊടുക്കുന്നുണ്ടു്?

ഉത്തരം.

(എ) ഇല്ല.

(ബി) കൊച്ചിൻ മുനിസിപ്പൽ ആക്റ്റ് പ്രകാരം സർക്കാർ കെട്ടിടങ്ങളെ മുനിസിപ്പൽ ടാക്സിൽനിന്നും ഒഴിവാക്കിയിട്ടുള്ളതുമാത്രം.

(സി) ഡിസ്ട്രിക്റ്റ് മുനിസിപ്പാലിറ്റീസ് ആക്റ്റും, സിറ്റി മുനിസിപ്പാലിറ്റീസ് ആക്റ്റും പ്രകാരം സർക്കാർകെട്ടിടങ്ങൾക്കു് മുനിസിപ്പൽ കരം ചുമത്താവുന്നതിനാൽ തിരുവിതാംകൂർ വിഭാഗത്തിൽപ്പെട്ട മുനിസിപ്പാലിറ്റികളുടെ അതിർത്തിക്കുള്ളിലുള്ള സർക്കാർ കെട്ടിടങ്ങൾക്കു് മുനിസിപ്പൽ കരം കൊടുക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly